**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4944** | **27.06.2019 ൽ മറുപടിക്ക്** |

**<u>അഴിമതി ഇല്ലാതാക്കുന്നതിന് നടപടി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ** | | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭരണതലത്തിലും ഉദ്യോഗസ്ഥ തലത്തിലുമുള്ള അഴിമതി ഇല്ലാതാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഭരണ തലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം /സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം / മിന്നൽ പരിശോധന എന്നിവ നടത്തുകയും, തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ വകുപ്പുതല നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ എൻക്വയറികളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 536 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. അഴിമതി തടയുന്നതിനുവേണ്ടി പല വകുപ്പുകളിലും ഇന്റേണൽ വിജിലൻസ് സംവിധാനവും നിലവിലുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രൊസസിംഗ് സിസ്റ്റം (iaps) ആരംഭിച്ചിട്ടുണ്ട്.<br>കൂടാതെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും അഴിമതി നിരോധന ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി തെളിവുകൾ സ്വീകരിക്കുന്നതിന് കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം, |

| | | | |
|---|---|---|---|
| | | | എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.<br>2. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന CoB (Communication Back Bone) സംവിധാനം ആരംഭിച്ചിട്ടുണ്ട്.<br>3. ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.<br>4. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി 21 വാഹനങ്ങളും 7 ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും, 201 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. കൂടാതെ 109 പ്രിന്റർ 16 ഫോട്ടോകോപ്പി മെഷീൻ 44 ഹൈസ്പീഡ് സ്കാനർ എന്നിവയും വാങ്ങിയിട്ടുണ്ട്.<br>5. വിജിലൻസ് അന്വേഷണം സംബന്ധിച്ച വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി, വിജിലൻസ് അന്വേഷണം/കേസുകൾ എന്നിവ ഉൾക്കൊള്ളുന്ന ഡേറ്റാ ബാങ്കായ വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.<br>6. അഴിമതി മുക്ത കേരളം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി വിജിലൻസിനെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനും അഴിമതി കുറച്ചുകൊണ്ടുവരുന്നതിനുമായി ദൃശ്യമാധ്യമങ്ങൾ വഴിയും എഫ്.എം ചാനൽ വഴിയും വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.<br>7. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ ലഭ്യമാക്കുന്നതിനായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2017-ൽ വിജിലൻസ് വെബ് സൈറ്റ് നവീകരിക്കുകയും വെബ് സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.<br>8. ഒരു കോടിയിലധികം രൂപയുടെ അഴിമതി വെളിച്ചത്തു കൊണ്ടുവരുന്നവർക്കുവേണ്ടി |

| | | | |
|---|---|---|---|
| | | | വാർഷിക അവാർഡ് അഞ്ചുലക്ഷം രൂപ സർക്കാർ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പൊതുപ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും സ്വത്ത് വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും അനധികൃതമായി സ്വത്ത് സമ്പാദിച്ചിട്ടുണ്ടെങ്കിൽ അതിനെതിരെ സ്വീകരിക്കുന്ന നടപടികളും വ്യക്തമാക്കുമോ; | (ബി) യും (സി) യും (ഡി) യും | പൊതുപ്രവർത്തകരും ഉദ്യോഗസ്ഥരും അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി 3 സ്പെഷ്യൽ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകളിൽ ഉദ്യോഗസ്ഥന്മാരെയും മറ്റ് പൊതു പ്രവർത്തകരെയും സംബന്ധിക്കുന്ന സ്വത്ത് സമ്പാദ്യവിഷയത്തിൽ രഹസ്യാന്വേഷണങ്ങൾ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (സി) | പൊതുപ്രവർത്തകർക്കും മുതിർന്ന ഉദ്യോഗസ്ഥർക്കും വിദേശരാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലുമുള്ള സ്വത്തുക്കളും മറ്റ് ആസ്തികളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ഡി) | അത് സംബന്ധിച്ച വിവരങ്ങൾ പൊതുജനമദ്ധ്യത്തിൽ എത്തിക്കുന്നവർക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| ഇ) | വിജിലൻസിനെ പൂർണ്ണമായും ഫലപ്രദവും കാര്യക്ഷമവുമായ സ്വതന്ത്ര അന്വേഷണ ഏജൻസിയാക്കി മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ? | (ഇ) | സർക്കാർ പരിശോധിച്ച് വരുന്നു. |

Jyh

സെക്ഷൻ ഓഫീസർ